ഉത്തരം

(എ) സംസ്ഥാനത്ത് ബാറുകൾ അടച്ചുപൂട്ടിയതിന്റെ ഭാഗമായി ബിവറേജസ് വില്പനശാലകളിൽ മദ്യവില്പന വർദ്ധിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി കെ.എസ്.ബി.സി. ഷോപ്പിലെ തൊഴിലാളികൾക്ക് ജോലിഭാരം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ജോലിഭാരം വർദ്ധിച്ചതിന്റെ കാരണത്താൽ ഷോപ്പിലെ തൊഴിലാളികൾ ആരുംതന്നെ രാജി വച്ചിട്ടില്ല.

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

83 (4418) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനുവേണ്ടി കോർപ്പറേഷൻ സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും ലഹരി ഉപഭോഗംമൂലം രോഗികളായവർക്കുമുള്ള ചികിത്സയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതികളിൽ വിഭാവനം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി കർമ്മ പദ്ധതികളൊന്നുംതന്നെ ആസൂത്രണം ചെയ്തിട്ടില്ല. എന്നാൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം, പുനർജനി 2030-ന്റെ ഭാഗമായി 'ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി രൂപീകരിച്ച 'സുബോധം' പദ്ധതിക്ക് ധനസഹായം,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അന്ധരായവർക്ക് ബ്രെയിലി കമ്പ്യൂട്ടർ, വൈറ്റ് കെയിൻ, യന്ത്രവത്കൃത വാഹനം എന്നിവ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ എക്സൈസ് വകുപ്പിന്റെ പൂർണ്ണ മേൽനോട്ടത്തിലും 'സുബോധം' പദ്ധതി ഉന്നതതല കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് ടി പദ്ധതി ഡയറക്ടർ ഡോ. കെ. അമ്പാടി ഐ.ഐ.എസ്-ന്റെ നേതൃത്വത്തിലുമാണ് നടപ്പിലാക്കിവരുന്നത്.

(സി&ഡി) സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ലഹരിവിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ലഹരി വിമുക്ത ചികിത്സ സംബന്ധിച്ച ചെലവുകൾക്കും ഇത്തരം സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ലഹരിവിമുക്ത ക്യാമ്പുകൾക്കുമാണ് ഈ പദ്ധതിവഴി ധനസഹായം നൽകി വരുന്നത്. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി അനുവദിക്കുന്ന തുകയിൽ നിന്നാണ് ധനസഹായം നൽകുന്നത്. സംസ്ഥാന തലത്തിലും ജില്ലാതലങ്ങളിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പരിശോധനകൾക്ക് ശേഷം അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തി ധനസഹായം അനുവദിക്കുകയാണ് ചെയ്തുവരുന്നത്. ഈ പദ്ധതിയോട് അനുബന്ധിച്ച് പരിശോധനകൾ നടത്തി അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും മറ്റുമായി 29-10-2013-ലെ സ.ഉ. (സാധാ)നമ്പർ 848/2013/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറായും സാമൂഹ്യനീതി ഡയറക്ടർ, ഒരു സാമൂഹ്യ പ്രവർത്തക അംഗങ്ങളായുള്ള സംസ്ഥാനതല സമിതിയും ജില്ലാ കളക്ടർ ചെയർമാനായും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൺവീനറായും ജില്ലാ സാമൂഹ്യനീതി ഡയറക്ടർ, ഒരു സന്നദ്ധ പ്രവർത്തകൻ എന്നിവർ അംഗങ്ങളുമായിട്ടുള്ള ജില്ലാതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പരിശോധനകൾ നടത്തുന്നതിനായി 23-8-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 147/2013/നി.വ. പ്രകാരം ഇതിനായുള്ള മാനദണ്ഡം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും സംസ്ഥാനതല സമിതിയുടെയും പരിശോധനകൾക്ക് ശേഷം 11 ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ആകെ 1,00,35,840 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പുതുതായി ധനസഹായത്തിന് അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.'സുബോധം' പദ്ധതിയുടെ പൂർണ്ണ നടത്തിപ്പിനും മേൽനോട്ടത്തിനുമായി 27-4-2015ലെ ജി.ഒ.(എംഎസ്.) നമ്പർ 73/2015/നി.വ. ഉത്തരവ് പ്രകാരം ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കമ്മിറ്റിയുടെ ഘടന ചുവടെ പ്രതിപാദിക്കുന്നു :

മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി	ചെയർമാൻ
പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്	വൈസ് ചെയർമാൻ
അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്	മെമ്പർ
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്	മെമ്പർ
സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്	മെമ്പർ
എക്സൈസ് കമ്മീഷണർ	മെമ്പർ
ഡി.ഐ.ജി. (In charge of SPC)	മെമ്പർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ	മെമ്പർ
എല്ലാ ജില്ലാ കളക്ടർമാരും	മെമ്പർ
ഡയറക്ടർ, സുബോധം പദ്ധതി	കൺവീനർ

ഉറമുഖ വകുപ്പ് നടപ്പാക്കിയ പദ്ധതികൾക്കുള്ള ചെലവ്

84 (4419) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും ഉറമുഖ വകുപ്പ് നടപ്പാക്കിയ പദ്ധതികൾക്കായി പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ നീക്കിവച്ച തുകയും ആയതിലുള്ള ചെലവും വർഷം തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

മത്സ്യബന്ധന ഉറമുഖങ്ങളുടെ നിർമ്മാണവും വികസനവും

85 (4420) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം മത്സ്യബന്ധന ഉറമുഖങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമാണ് കേന്ദ്ര സഹായ പദ്ധതികൾ നിലവിലുള്ളത്;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly